# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**പിജി ക്യാപ്  2025 – പ്രൊവിഷണൽ  റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.**

**പ്രവേശനം ജൂലൈ 19 മുതൽ 31 വരെ.**

**ലേറ്റ് രജിസ്ട്രേഷൻ ജൂലൈ 21 മുതൽ.**

2025 –2026  അദ്ധ്യയന  വർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം അലോട്ട്മെന്റിന് ശേഷം നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള  വിദ്യാർത്ഥികളുടെ  പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് വിവരം സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാണ് പരാതികൾ 17.07.2025 ന വൈകീട്ട് 5 മണിവരെ pgonline@uoc.ac.in എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കാം. അന്തിമ റാങ്ക് പട്ടിക 18.07.2025 ന പ്രസിദ്ധീകരിക്കും.

2025 –2026  അദ്ധ്യയന  വർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം അലോട്ട്മെന്റിന് ശേഷം നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകളിലേക്ക്  വിദ്യാർത്ഥികളുടെ  റാങ്ക് പട്ടികയിൽ  നിന്നും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമായ തങ്ങളുടെ റാങ്ക്, സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള  കോളേജുകളിലെ / സെന്ററുകളിലെ സീറ്റൊഴിവ് എന്നിവ പരിശോധിച്ച്, 2025 ജൂലൈ  19 മുതൽ , കോളേജുമായി ബന്ധപ്പെട്ട്  പ്രവേശനം നേടേണ്ടതാണ്. പ്രവേശനത്തിനായി കോളേജ് നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

പിജി ക്യാപ്  2025 ലേറ്റ് രജിസ്ട്രേഷൻ സൗകര്യം  21.07.2025 മുതൽ വെബ്സൈറ്റിൽ (www.admission.uoc.ac.in ) ലഭ്യമാകും. ലേറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് പ്രവേശനം ജൂലൈ 31 ന ശേഷം.

**CU Campus**
**16.07.2025**

**(ഒപ്പ്)**
**ഡയറക്ടർ**